92

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 SEPTEMBER 2025

# സ്മാർട് സിറ്റി പദ്ധതിയുടെ വികസന സാധ്യതകൾ ചർച്ച ചെയ്ത് വ്യവസായ സ്മാർട് സിറ്റി കോൺക്ലേവ്






വ്യവസായ സ്മാർട് സിറ്റി പദ്ധതിയുടെ വികസന സാധ്യതകൾ ചർച്ചചെയ്യാൻ കഞ്ചിക്കോട് ഇൻഡസ്ട്രീസ് ഫോറം നടത്തിയ സ്മാർട് സിറ്റി കോൺക്ലേവ് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്, ബഹു. തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി ശ്രീ. എം.ബി. രാജേഷ് എന്നിവർ സന്നിഹിതരായിരുന്നു. കൊച്ചി ബെംഗളൂരു വ്യാവസായിക ഇടനാഴിയുടെ ഭാഗമായ പാലക്കാട് ഇൻഡഗ്രറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററിന്റെ സാധ്യതകൾ സംബന്ധിച്ച സംരംഭക സമൂഹത്തിന്റെ അന്വേഷണങ്ങൾക്കും ആലോചനകൾക്കുമുള്ള ഒരു വേദിയായിരുന്നു ഇൻഡ്സമ്മിറ്റ്.



**വ്യവസായ വിപ്ലവത്തിന്റെ പുതിയ ഘട്ടത്തിൽ പുതിയ ആശയങ്ങൾക്കൊപ്പം കേരളം നീങ്ങുന്നതിന്റെ ഭാഗമാണ് പാലക്കാടിന് ലഭിക്കാൻ പോകുന്ന വ്യവസായ നഗരം പദ്ധതി.**

വ്യവസായ വിപ്ലവത്തിന്റെ പുതിയ ഘട്ടത്തിൽ പുതിയ ആശയങ്ങൾക്കൊപ്പം കേരളം നീങ്ങുന്നതിന്റെ ഭാഗമാണ് പാലക്കാടിന് ലഭിക്കാൻ പോകുന്ന വ്യവസായ നഗരം പദ്ധതി. ഇന്ന് കേരളം വ്യവസായ സൗഹൃദമല്ലെന്ന് ആരും പറയില്ല. നിക്ഷേപകർ വരാൻ ഏറ്റവും ഇഷ്ടമുള്ള നാടായി കേരളം മാറികഴിഞ്ഞിരിക്കുന്നു. ഇതിനൊപ്പമാണ് വ്യവസായ നഗരം പദ്ധതിയും വരുന്നത് '**കിഫ് ഇൻഡ് സമ്മിറ്റ് 25**' ഉദ്ഘാടനം ചെയ്ത് കൊണ്ട് ബഹു. മുഖ്യമന്ത്രി പറഞ്ഞു.

2025 സെപ്റ്റംബർ 8ന് കഞ്ചിക്കോട് ഇ.കെ. നായനാർ കൺവെൻഷൻ സെന്ററിലായിരുന്നു പരിപാടി സംഘടിപ്പിച്ചത്. കഞ്ചിക്കോട് മേഖലയിലെ വ്യവസായ സ്ഥാപനങ്ങളെയും സംരംഭകരെയും വ്യവസായ പ്രമുഖരെയും ഒരു കുടക്കീഴിൽ കൊണ്ടുവന്ന് പുതിയ അവസരങ്ങൾ സൃഷ്ടിക്കുകയായിരുന്നു കോൺക്ലേവിന്റെ പ്രധാന ലക്ഷ്യം. വ്യവസായ പ്രമുഖരും, സംരംഭകരും, നയരൂപീകരണ വിദഗ്ധരും ഉൾപ്പെടെയുള്ളവർ വ്യവസായ വികസനത്തിനായുള്ള ചർച്ചയിൽ പങ്കാളികളായി.

# നൂതന സാങ്കേതിക വിദ്യയും യന്ത്രങ്ങളും പരിചയപ്പെടുത്താൻ മെഷിനറി എക്സ്പോ ഒരുങ്ങുന്നു

സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ വ്യവസായ യന്ത്ര പ്രദർശനമേളയായ മെഷിനറി എക്സ്പോയുടെ ആറാമത് പതിപ്പ് "മെഷിനറി എക്സ്പോ 2025" എറണാകുളം ജില്ലയിലെ കാക്കനാട് കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിൽ 2025 സെപ്റ്റംബർ 20 മുതൽ 23 വരെ സംഘടിപ്പിക്കും.

വിവിധ മേഖലകളിലെ നൂതന സാങ്കേതിക വിദ്യയും യന്ത്രങ്ങളും, സംരംഭകർക്ക് ഗുണകരമാകും വിധം, അവതരിപ്പിക്കുകയാണ് മേളയുടെ ലക്ഷ്യം. സംസ്ഥാന വികസനത്തിനായി പ്രായോഗികമായി ഏറ്റെടുക്കുവാൻ കഴിയുന്ന സംരംഭക മേഖലകളായ കാർഷിക - ഭക്ഷ്യ സംസ്ക്കരണം, ഇലക്ട്രിക്കൽ - ഇലക്ട്രോണിക്സ്, ജനറൽ എഞ്ചിനീയറിംഗ് തുടങ്ങിയ മേഖലകളിലെ മെഷിനറികൾ നൂതനമായ പാക്കിംഗ് മെഷിനറികൾ എന്നിവ ഉൾപ്പെടെയുള്ള യന്ത്ര സാമഗ്രികൾ മേളയിൽ പ്രദർശിപ്പിക്കും. ഇവയുടെ പ്രവർത്തനവും മറ്റ് പ്രായോഗിക വശങ്ങളും സംരംഭകർക്കും, സംരംഭകരാകാൻ താൽപര്യപ്പെടുന്നവർക്കും നേരിട്ട് മനസ്സിലാക്കി നൽകുന്നതിനായി മെഷിനറികളുടെ തൽസമയ ഡെമോ പ്രദർശനവും മേളയിൽ ഒരുക്കിയിട്ടുണ്ട്.

എക്സ്പോയുടെ ഔദ്യോഗികമായ ഉദ്ഘാടനം **2025 സെപ്റ്റംബർ 20 ശനിയാഴ്ച ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവ്വഹിക്കും.** ബഹു. എറണാകുളം പാർലമെന്റ് അംഗം ശ്രീ. ഹൈബി ഈഡൻ, ബഹു. തൃക്കാക്കര എം.എൽ.എ. ശ്രീമതി. ഉമ തോമസ് എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

# കേരളം കുതിക്കുന്നു;
## കണക്കുകൾ വ്യക്തമാക്കി റിവേഴ്സ് മൈഗ്രേഷൻ റിപ്പോർട്ട്

വ്യവസായ സംരംഭക വികസന രംഗത്ത് മുൻപെങ്ങുമില്ലാത്ത വിധം കുതിക്കുകയാണ് കേരളം. വ്യവസായ വികസനത്തെ അടയാളപ്പെടുത്തുന്ന റിവേഴ്സ് മൈഗ്രേഷനെക്കുറിച്ചും മികച്ച ടാലന്റ് പൂളിനെക്കുറിച്ചും സാക്ഷ്യപ്പെടുത്തുന്ന ലിങ്ക്ഡ്ഇൻ ടാലന്റ് ഇൻസൈറ്റ്സ് റിപ്പോർട്ട് പുറത്തുവന്നിരിക്കുകയാണ്. കഴിഞ്ഞ വർഷം മാത്രം നമ്മുടെ കേരളത്തിലേക്ക് വിദേശരാജ്യങ്ങളിൽ നിന്നും അയൽസംസ്ഥാനങ്ങളിൽ നിന്നുമുള്ള 40,000 ടോപ് സ്കിൽഡ് പ്രൊഫഷണലുകളുടെ റിവേഴ്സ് മൈഗ്രേഷൻ നടന്നു എന്നാണ് റിപ്പോർട്ട് പറയുന്നത്. ഇതിൽ 49 ശതമാനം പ്രൊഫഷണുകൾ വിദേശ രാജ്യങ്ങളിൽ നിന്നും 51 ശതമാനം പ്രൊഫഷണുകൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നുമാണ് കേരളത്തിലേക്ക് തിരികെ എത്തിയത്.

അമേരിക്ക, ഇംഗ്ലണ്ട്, സൗദി, ഖത്തർ എന്നീ രാജ്യങ്ങളിൽ നിന്നും കർണാടക, തമിഴ്നാട്, മഹാരാഷ്ട്ര, തെലങ്കാന, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുമാണ് പ്രധാനമായും കേരളത്തിലേക്ക് പ്രൊഫഷണലുകൾ തിരിച്ചു നാട്ടിലേക്ക് വരുന്നത്. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ കേരളത്തിലെ പ്രൊഫഷണൽ ടാലന്റ് പൂൾ 172% വളർച്ച കൈവരിച്ചുവെന്ന ഉജ്വലമായ നേട്ടം റിപ്പോർട്ടിൽ പറയുന്നുണ്ട്. കൂടുതൽ പ്രൊഫഷണലുകളും സോഫ്റ്റ്വെയർ എഞ്ചിനീയർ, അക്കൗണ്ടന്റ്, അധ്യാപകൻ എന്നീ മേഖലകളിലാണ് പ്രവർത്തിക്കുന്നത്. നമ്മുടെ ടാലന്റ് പൂളിലെ 37% വനിതകളാണെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നുണ്ട്. എല്ലാവരും കേരളത്തിലേക്ക് എന്ന ട്രെന്റ് വളരെ പ്രത്യക്ഷത്തിൽ തെളിയുന്നു എന്നതാണ് ഈ റിപ്പോർട്ടിന്റെ പ്രത്യേകത.




കേരളത്തിലെ നിക്ഷേപ സൗഹൃദ അന്തരീക്ഷവും വളർന്നുവരുന്ന ജോലി സാധ്യതകളും വൻകിട കമ്പനികൾ കേരളത്തിലേക്ക് കടന്നുവരുന്നതും നാട്ടിൽ തന്നെ ചെറുപ്പക്കാർക്ക് തൊഴിൽ ലഭിക്കാനുള്ള സാധ്യതകൾ വർധിപ്പിക്കുന്നു. ബിസിനസ് ഓപ്പറേഷൻസ്, ഫിനാൻസ്, സംരംഭകത്വം എന്നീ മേഖലകളിൽ അനുഭവസമ്പത്തുള്ളവരാണ് ഇത്തരത്തിൽ തിരിച്ചെത്തുന്നത് എന്നതും റിപ്പോർട്ടിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.

## തലയെടുപ്പോടെ രാജ്യത്തെ ആദ്യ സൂപ്പർ കപ്പാസിറ്റർ ഉത്പാദന കേന്ദ്രം

കണ്ണൂരിലെ സൂപ്പർ കപ്പാസിറ്ററുകൾ ഉപയോഗിച്ച് നിർമ്മിച്ചത് ജമ്പ് സ്റ്റാർട്ടറുകൾ, ഇലക്ട്രിക് ട്രോളികൾ, ഇലക്ട്രിക് വീൽ ചെയറുകൾ, രാജ്യത്തെ തന്നെ ആദ്യത്തെ സൂപ്പർ കപ്പാസിറ്റർ മാനുഫാക്ചറിങ് കേന്ദ്രമായ കണ്ണൂരിലെ കെൽട്രോണിൽ നിന്ന് പുതിയ ഉൽപ്പന്നങ്ങൾ വിപണിയിലെത്തിച്ചിരിക്കുകയാണ്. സൂപ്പർ കപ്പാസിറ്ററുകൾ ഉപയോഗിച്ച് നിർമ്മിച്ച ജമ്പ് സ്റ്റാർട്ടറുകൾ, ഇലക്ട്രിക് ട്രോളികൾ, ഇലക്ട്രിക് വീൽ ചെയറുകൾ തുടങ്ങിയവയാണ് കേരളത്തിന് അഭിമാനമായി വിപണിയിലേക്കെത്തിയിരിക്കുന്നത്.

ഡൗൺ ആയ ബാറ്ററി കാരണം സ്റ്റാർട്ടാകാത്ത കാർ സ്റ്റാർട്ടാക്കാൻ സഹായിക്കുന്ന ഉപകരണമാണ് ജമ്പ് സ്റ്റാർട്ടർ. ഇതിനൊപ്പം തന്നെ ലോജിസ്റ്റിക്സ് മേഖലയ്ക്കാവശ്യമായ ഇലക്ട്രിക് ട്രോളികളും സൂപ്പർ കപ്പാസിറ്ററുകളുടെ സഹായത്തോടെ നിർമ്മിച്ചിട്ടുണ്ട്. ഗുണമേന്മയുള്ളതും വിവിധങ്ങളായ ഉപകരണങ്ങളിൽ ഘടിപ്പിക്കാൻ സാധിക്കുന്നതുമായ സൂപ്പർ കപ്പാസിറ്ററുകൾ ഉപയോഗിച്ചിട്ടുള്ള ഇലക്ട്രിക് വീൽ ചെയറുകളും ഇതിനൊപ്പം പുറത്തിറക്കിയിട്ടുണ്ട്. കൂടുതൽ ഉൽപ്പന്നങ്ങളിൽ സൂപ്പർ കപ്പാസിറ്ററുകളുടെ സാധ്യതകൾ പരിശോധിച്ചുകൊണ്ട് നിർമാണ പ്രക്രിയകളിലേക്ക് കടക്കാൻ ഒരുങ്ങുകയാണ് കണ്ണൂരിലെ കെൽട്രോൺ.



## ഏറ്റവും വലിയ വേൾഡ് ട്രേഡ് സെന്ററുകളിലൊന്ന് കോഴിക്കോട് ഒരുങ്ങുന്നു

അന്താരാഷ്ട്ര നിലവാരത്തിലുള്ള ഏറ്റവും വലിയ വേൾഡ് ട്രേഡ് സെന്ററുകളിലൊന്ന് കോഴിക്കോട് ആരംഭിക്കാൻ ഒരുങ്ങുകയാണ് ഹൈലൈറ്റ് ഗ്രൂപ്പ്. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ ഹൈലൈറ്റ് ഗ്രൂപ്പ് പ്രഖ്യാപിച്ച ഒറ്റപ്പദ്ധതിയിലൂടെ ഏകദേശം 6000 കോടിയിലധികം രൂപയുടെ നിക്ഷേപമാണ് കേരളത്തിലേക്കു വരുന്നത്. ലോകോത്തര നിക്ഷേപകർക്ക് കോഴിക്കോട് ജില്ലയിലേക്കുള്ള വാതിലുകൾ തുറന്ന് കൊടുക്കുന്നതാകും ഈ പദ്ധതി.

12.5 മില്ല്യൺ സ്ക്വയർ ഫീറ്റിലായി ഒരുങ്ങുന്ന പദ്ധതിയിലൂടെ വ്യവസായ വാണിജ്യ രംഗത്തും വിദ്യാഭ്യാസ മേഖലയിലും കേരളത്തിന്റെ തന്നെ ഏറ്റവും മികച്ച കേന്ദ്രങ്ങളിലൊന്നായി കോഴിക്കോടിനെ മാറ്റാൻ ഹൈലൈറ്റ് ഗ്രൂപ്പിനാകും. ഇതുൾപ്പെടെ 10,000 കോടി രൂപയുടെ പദ്ധതിയാണ് ഹൈലൈറ്റ് ഗ്രൂപ്പ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്.

വേൾഡ് ട്രേഡ് സെന്റർ അസോസിയേഷൻ (WTCA) ലൈസൻസുള്ളത് കൊണ്ടു തന്നെ, ആഗോള കമ്പനികളുടെയും അന്താരാഷ്ട്ര വിദ്യാഭ്യാസ സ്ഥാപനങ്ങളും






കോഴിക്കോട് നഗരത്തിന്റെ വളർച്ചയെ വേഗത്തിലാക്കും. സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ ദ്രുതഗതിയിൽ പദ്ധതി പൂർത്തീകരിച്ച് കോഴിക്കോടിന്റെ വികസനം പതിന്മടങ്ങ് വേഗത്തിലാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.



7th
MACHINERY eXpo 2025 KERALA
"Invest in Innovations"
DEPARTMENT OF INDUSTRIES & COMMERCE GOVERNMENT OF KERALA
MSME
Department of Industries & Commerce Government of Kerala
2025 September 20 - 23
10 AM to 6 PM
KINFRA International Exhibition Centre
Infopark Express Way, Kakkkanad, Kochi
www.machineryexpokerala.in


Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.